(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നബാർഡ് അംഗീകരിച്ച പദ്ധതികൾ എന്തൊക്കെ; അവയിൽ നടപ്പാക്കിയവ ഏതൊക്കെ; ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്നു എത്ര തുക ഇതിനകം പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചു വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു. ഇതിന് ധനാഭ്യർത്ഥന നമ്പർ 27-ലും 29-ലും തുക വകയിരുത്തിയതായി കാണുന്നില്ല.

(ബി) പ്രസ്തുത പദ്ധതി നടപ്പിലായതായി കാണുന്നില്ല.

**അടിസ്ഥാന സൗകര്യവികസന പദ്ധതി വിഹിതം**

156 (128) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്ക് വേണ്ടി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ വകയിരുത്തപ്പെട്ടിരുന്ന തുകകളിൽ ഓരോ വർഷവും എത്ര തുകവീതം ട്രഷറിയിൽ നിന്നും പിൻവലിക്കുകയുണ്ടായി; ഓരോ വർഷവും വകയിരുത്തപ്പെട്ട തുക എത്ര; പിൻവലിച്ച തുക എത്ര?

ഉത്തരം

അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുവേണ്ടി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ യഥാക്രമം 1225 കോടി രൂപ, 2000 കോടി രൂപ വീതം വകയിരുത്തിയിരുന്നു. ഇതിൽ 2014-15-ൽ 921 കോടി രൂപയും 2015-16 സാമ്പത്തിക വർഷം 4-2-2016 വരെ 307.87 കോടി രൂപയും ട്രഷറിയിൽ നിന്നും പിൻവലിക്കുകയുണ്ടായി.

**സ്വകാര്യ സംരംഭങ്ങളിലെ ഓഹരി പങ്കാളിത്തം**

157 (129) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന് ഓഹരി പങ്കാളിത്തം ഉള്ള സ്വകാര്യ സംരംഭങ്ങൾ നിലവിലുണ്ടോ; 49 ശതമാനമോ അതിൽ കുറവോ ഓഹരി പങ്കാളിത്തമുള്ള സംരംഭങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly